# Editorial

# Environmental Wisdom

For whom do we celebrate Environment Day? Is it done to protect the environment or nature? Or is it for the survival of the human race? Environment protection is inclusive of programs for the existence of the human race. Would thoughts about mankind's existence, combined with a broad consciousness of earth stratigraphy, develop and identify it with the universe as "environmental awareness," to borrow Vaikom Muhammad Basheer's words? Is it possible for the environment to decenter and ignore man? In this light, man and environment appear to be incompatible, or dualities. These kinds of questions linger after each celebration of an environmental day. All need food and modern facilities, and everyone needs a healthy life too. The main goal is to make these facilities available to everyone. This type of facility does not appear to be environmentally compatible. Large-scale production has led to excessive exploitation of the earth, which in turn would affect its reproductive capacity. Natural resources are not the primary focus of development plans. Healthy food and life on traditional lines do not indicate development or modernization. These are not included as indexes of development. At the same time, if gruel is served with noodles, it could be an indication of modernization.

This does indeed ultimately affect our local culture and methods of production. A raid under the Kerala Fisheries Department was held at Ponanni in June 2022. Hatchlings caught illegally were either sent back to sea or buried. Catching hatchlings is not practiced in the villages. The procreative period of fish and their rearing is considered important. Based on these moral values, people make use of the available resources. Not only natural calamities but also the

above-mentioned factors are also taken into consideration by our fishermen before they decide the time and place of their catch. Profit, on the other hand, is the primary motivator today, undermining the conditions valued by our fishermen. Beyond all these considerations, profit remains the sole motive. This kind of change does not belong to fishermen alone; they might have ignored moral values to make both ends meet. When all other categories of people stand for profit, it is meaningless to attach this moral value to the fishermen alone. This value system was lost to people who are not only connected to a system but also to those who are living within it. The Indian farmers derived their strength to fight against the big power centres from their faith in their capacity for production. They are not willing or ready to surrender their productive capacity for trivial benefits. That is the reason they were able to stand against the power centers. This kind of potential is slowly eroding among the local cultures. Traditional fishermen might not be the people who were responsible for the disruption of the sustainability of the system. They might have become responsible for the distraction of the environment-friendly system.

I happened to witness a dismal picture on the Parappanagadi Sea coast once. Many came to enjoy the beauty of the sea, and there were local vendors too, surrounding the local tourists. Meanwhile, a local boy came and dumped a bucket of waste in the sea. He did it without hesitation and as naturally as possible, or as part of his daily routine, in front of the people who flocked to the coast to enjoy the sea. 'The sea may erase everything.' This might have emboldened the boy to do this, or the inhabitants of the coastal area may not have other means to dispose of the waste, or they might have been doing this for a long time. In the context of the development plans for the coastal area, the people who live along the coast and their deplorable conditions might have prompted them to do such unpleasant things. The waste which coastal people dispose of may be comparatively less. But these days, the quantity of waste has increased. Local administration is giving their attention to maintaining the seacoast. But, at the same time, without making the coastal people aware of the importance of maintaining the coastal environment, environmental

protection may not be complete. As a result, environmental awareness is the wisdom that everyone should have. It is not the responsibility of the poets or environmental activists to maintain the environment intact; it is the wisdom that each one of us has to realize and acquire.

**Editor**

**Prof.(Dr) Shamshad Hussain K.T**

ISSN:2582-550X

## Editorial

# പാരിസ്ഥിതിക വിവേകം

പരിസ്ഥിതി ദിനം ആർക്കുവേണ്ടിയുള്ളതാണ്. പരിസ്ഥിതി യെ/പ്രകൃതിയെ സംരക്ഷിക്കുന്നതിനുവേണ്ടിയാണോ? അതോ മനുഷ്യന്റെ നിലനിൽപ്പിന് വേണ്ടി തന്നെയാണോ?. പരിസ്ഥിതിയെ സംരക്ഷിക്കുക എന്നതിനകത്ത് മനുഷ്യന്റെ നിലനിൽപ്പ് ഉള്ളടങ്ങി യിട്ടുണ്ട്. മനുഷ്യനെക്കുറിച്ചുള്ള ചിന്ത വിശാലമായ ഭൗമ സങ്കല്പ ത്തിലേക്ക് ബഷീറിന്റെ ഭാഷയിൽ പറഞ്ഞാൽ അണ്ഡകടാഹത്തെ കുറിച്ചുള്ള ധാരണയിലേക്ക് വികസിപ്പിക്കാനായാൽ അത് പരിസ്ഥിതി അവബോധമാകുമോ? മനുഷ്യൻ എന്ന കേന്ദ്രത്തെ തകർത്തുകൊണ്ട് നമുക്ക് പരിസ്ഥിതി യെക്കുറിച്ച് ചിന്തിക്കാ നാവുമോ?. ഇങ്ങനെ ചിന്തിക്കുമ്പോൾ മനുഷ്യനും പരിസ്ഥിതിയും വിരുദ്ധ ദ്വന്ദ്വങ്ങളാണ് എന്ന് വരുന്നുണ്ടോ? ഇത്തരം കുറെ ചോദ്യ ങ്ങൾ ഓരോ പരിസ്ഥിതി ദിനവും അതിന്റെ ആഘോഷങ്ങളും അവശേഷിപ്പിക്കാറുണ്ട്.

എല്ലാവർക്കും ഭക്ഷണം വേണം. ആധുനിക സൗകര്യങ്ങൾ വേണം. ആരോഗ്യപരമായ ജീവിതവും വേണം. ഇത് എല്ലാവർക്കും ലഭ്യമാവുക എന്നത് തന്നെയാണ് പ്രധാന ദൗത്യം. പാരിസ്ഥിതിക വീക്ഷണത്തിൽ ഇവയൊന്നുംതന്നെ ചേർന്നുപോകുന്ന കാര്യങ്ങ ളല്ല. വൻകിട ഉൽപാദനം ഭൂമിയുടെ അമിത ചൂഷണത്തിനും അതിലൂ ടെ അതിന്റെ പുനരുൽപാദനത്തെയും ബാധിക്കുന്നു കാര്യമാണ്. വികസന സങ്കല്പങ്ങൾക്ക് അടിസ്ഥാനം ഒരിക്കലും പ്രകൃതി വിഭവങ്ങൾ ആകുന്നുമില്ല. ആരോഗ്യകരമായ ഭക്ഷണവും ജീവിതവും പാരമ്പര്യ രീതിയിലാണെങ്കിൽ അതിനെ പരിഷ്കൃതി യുടെ സൂചനയിൽ നമ്മൾ ഉൾപ്പെടുത്തുകയുമില്ല. അതേസമയം ന്യൂഡിൽസിനോടൊപ്പം വിളമ്പിയാൽ കഞ്ഞി പരിഷ്ക്കാരത്തിന്റെ ഭാഗമാവും.

നമ്മുടെ പ്രാദേശിക സംസ്കൃതിയെയും ഉൽപാദന രീതികളെയും തന്നെയാണ് ഇവ ആത്യന്തികമായി ബാധിക്കുന്നത്. 2022 ജൂൺമാസത്തിൽ കേരളാ ഫിഷറീസ് വകുപ്പിന്റെ ഒരു മിന്നൽ പരിശോധന പൊന്നാനിയിൽ നടന്നു. അനധികൃതമായി പിടിച്ച മത്സ്യക്കുഞ്ഞുങ്ങളെ തിരിച്ചു കടലിലേക്ക് ഇടുകയും കുഴിച്ചു മൂടുകയമാണവർ ചെയ്തത്. ഒരുഘട്ടം വരെ നാട്ടിൻപുറങ്ങളിൽ ഇത്തരത്തിൽ മീൻപിടിത്തം ഉണ്ടാവാറില്ലായിരുന്നു. മീനുകളുടെ പ്രജനനകാലം, അവരുടെ വളർച്ച ഇവയെയൊക്കെ തിരിച്ചറിഞ്ഞ് അത്തരം ധാർമികമൂല്യങ്ങളോടെ വിഭവങ്ങളെ സമീപിച്ച രീതി നമുക്ക് ഉണ്ടായിരുന്നു. പ്രകൃതി കോപം മാത്രമല്ല ഇത്തരം കാര്യങ്ങൾ കൂടി പരിഗണിച്ചാണ് മീൻപിടിക്കാൻ നമ്മുടെ മുക്കുവർ സമയവും സ്ഥാനവും നിശ്ചയിച്ചിരുന്നത്. പക്ഷേ, ഇന്ന് മറ്റെല്ലാ പരിഗണനകൾക്കുമപ്പുറം ലാഭം മാത്രം ലക്ഷ്യമാവുന്നു. പക്ഷെ, ഇതവർക്കുമാത്രം ഉണ്ടാകുന്ന മാറ്റവുമല്ല. മറ്റ് പരിതസ്ഥിതികൾ കൊണ്ട് പട്ടിണി മാറ്റാൻ പോലുമാവാം അവർ ഇത്തരം ധാർമിക രീതി സങ്കല്പങ്ങളെ കയ്യൊഴിഞ്ഞതു തന്നെ. മറ്റെല്ലാവരും ലാഭ ത്തിനുവേണ്ടി നിലകൊള്ളുമ്പോൾ അരയർക്കുമാത്രം ബാധകമാവേ ണ്ടതല്ല ധാർമികബോധം. പക്ഷേ, ഒരു വ്യവസ്ഥയുമായി ബന്ധമില്ലാത്തവർക്കു മാത്രമല്ല അതിനകത്തു ജീവിക്കുന്നവർ പോലും ഈ മൂല്യ ബോധം നഷ്ടമായിതുടങ്ങി എന്നതിന്റെ സൂചനയായി ഇതിനെ വായിക്കാം. ഇത്ര വലിയ അധികാര കേന്ദ്രങ്ങളോടും പൊരുതാനുള്ള ഒരു കരുത്ത് ഇന്ത്യയിലെ കർഷകർക്ക് ലഭിച്ചത് അവർക്ക് അവരുടെ ഉല്പാദന ശക്തിയിലുള്ള വിശ്വാസം കൊണ്ട് തന്നെയായിരുന്നു. ചെറിയ ലാഭങ്ങൾക്ക് വേണ്ടി അവരത് അടിയറവെക്കാൻ തയ്യാറായില്ല എന്നതുകൊണ്ടാണ് അവരുടെ സമരം വലിയ വിജയമായത്. ഈ കരുത്താണ് പ്രാദേശിക സംസ്കൃതികൾക്ക് നഷ്ടമാവുന്നത്. പരമ്പരാഗത മീൻപിടിത്തക്കാർ ആവണമെന്നില്ല ഇങ്ങനെ ചെയ്തത്. അങ്ങനെ ആ വ്യവസ്ഥ തകർക്കുന്നതിന് ഭാഗമായുമാവാം ഈ മീൻപിടിത്ത വേട്ടകൾ.

കഴിഞ്ഞദിവസം കേരളത്തിലെ പരപ്പനങ്ങാടി കടപ്പുറത്ത് പോയപ്പോൾ വളരെ സങ്കടം തോന്നിയ കാഴ്ച കണ്ടു. കടൽ കാണാനെത്തിയ ധാരാളംപേരുംണ്ടായിരുന്നു. അവരെ ചുറ്റിപറ്റി യുള്ള പ്രാദേശിക കച്ചവടക്കാരും. ഇതിനിടയിൽ ചെറിയ ഒരുപയ്യൻ ഒരു ബക്കറ്റ് നിറയെ വേസ്റ്റ് കൊണ്ടുവന്ന് കടലിൽ കമഴ്ത്തി. എത്രയോ ജനങ്ങൾക്ക് മുന്നിൽ വച്ച് വളരെ സ്വാഭാവികമായി അവനതുചെയ്തു. കടൽ എല്ലാറ്റിനെയും മായ്ച്ചുകളയും എന്ന

ധൈര്യമാകാം അല്ലെങ്കിൽ അവരെ സംബന്ധിച്ച് മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലാവാം അതുമല്ലെങ്കിൽ കാലാകാലങ്ങളായി ചെയ്തുവരുന്ന പ്രവർത്തിയുമായതിനാലാവും. തീരപ്രദേശങ്ങൾ കുറേക്കൂടി വളർന്ന സാഹചര്യത്തിൽ അതിനു ചുറ്റും ജീവിക്കുന്ന കുറച്ചു മനുഷ്യരുടെ ജീവിത ചുറ്റുപാടുകളും, അവർ പുറന്തള്ളുന്ന കുറഞ്ഞ വേസ്റ്റുകളും മാത്രമല്ല ഇപ്പോഴുള്ളത്. പ്രാദേശിക ഭരണകൂടങ്ങളെല്ലാം കടലിനെ പരിപാലിക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നുണ്ട്. എങ്കിലും അതിനു ചുറ്റും ജീവിക്കുന്ന ജനങ്ങളെ ഉത്ബോധിപ്പിക്കാതെ സംരക്ഷണം പൂർണമാവില്ല. അതുകൊണ്ട് പരിസ്ഥിതി അവബോധം ഒരു വ്യക്തിക്ക് ഉണ്ടാവേണ്ട വിവേകം തന്നെയാണ്. കവികളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ചുമതലയായല്ല ഇതിനെ കാണേണ്ടത്. വ്യക്തിഗതമായി നമ്മൾ ആർജിക്കേണ്ട തിരിച്ചറിവ് തന്നെയാണത്.

*എഡിറ്റർ*

*ഇശൽ പൈതൃകം*